LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

191 (483) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തി കഴിഞ്ഞ 5 വർഷമായി എത്രകോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതിനോടകം അനുമതി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രകോടി രൂപയുടെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാൻ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഈ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ 5 വർഷമായി 780.94 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് അനുമതി ലഭിച്ചു.

(ബി) ഇതിൽ 271.712 കോടി രൂപയുടെ പ്രവൃത്തികൾ ഇനിയും ആരംഭിക്കേണ്ടതുണ്ട്.

(സി) 6.155 കോടി രൂപയുടെ പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ നടപടികൾക്കും നെഗോഷിയേറ്റഡ് കോട്ടേഷൻ വ്യവസ്ഥയ്ക്കും വിധേയമാക്കിയിട്ടും യോഗ്യരായ കരാറുകാരെ ലഭിച്ചിരുന്നില്ല.

2008-ൽ സമർപ്പിച്ച 265.557 കോടി രൂപയുടെ പദ്ധതികൾക്ക് 21-9-2010-ന് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ ഇതിന്റെ നിരക്കുകൾ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഭവനവായ്പാ തിരിച്ചടവിന് ഇളവുകൾ നൽകാൻ നടപടി

192 (484) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഡെവലപ്മെന്റ് അതോറിറ്റിയിൽനിന്നും എടുത്ത ഭവന വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വായ്പ എടുത്തവർക്ക് വർഷങ്ങളായി തുക തിരിച്ചടയ്ക്കാനുള്ള നിർദ്ദേശങ്ങൾ നൽകാത്തതുമൂലം വന്നിട്ടുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക ഈടാക്കി രേഖകൾ തിരിച്ചുനൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?